നമ്പർ.സി1/293./2021/ റ്റിസി

***ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,***
***രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ***
***തിരുവനന്തപുരം – 14,***
[(0471–2333337/2333317 ഫാക്സ് 0471–2333314]
www.mvd.kerala.gov.in [ഇ–മെയിൽ – tcoffice@keralamvd.gov.in ]
**തീയതി: 18 .12. 2021**

## സർക്കുലർ നം. 21/2021

വിഷയം:– **മോട്ടോർ വാഹന വകുപ്പ്** – സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ അപേക്ഷകളെ അടിസ്ഥാനമാക്കി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം :സർക്കാർ ഉത്തരവ് നമ്പർ 324/2021/ഗതാഗതം തീയതി 23.09.2021.

–

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഓഫീസിൽ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വാഹന സംബന്ധമായ സേവനങ്ങളുടെ നടപടിക്രമങ്ങൾ, സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയത്തിന്റെ ഭാഗമായി പരിഷ്കരിക്കുവാൻ മുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം ഗതാഗത കമ്മീഷണറെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വാഹന രജിസ്ട്രേഷനുമായി ബന്ധപെട്ട താഴെ പറയുന്ന സേവനങ്ങൾ **ആധാർ ആതന്റിക്കേറ്റഡ് ഫേസ്–ലെസ്സ് സർവീസുകളായി** നടപ്പിൽ വരുത്തുന്നു.

a. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മേൽ വിലാസം മാറ്റൽ,

(Change of Address in Certificate of Registration)

b. വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ,

(Transfer of Ownership)

c. മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വാഹനത്തിന്റെ എൻ.ഒ.സി. നൽകൽ,

(Issuing No Objection Certificate in Form 28)

d. വാഹനത്തിന്റെ ഡൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, (RC നഷ്ടപെട്ടതുൾപ്പെടെ),

(Duplicate Certificate of Registration)

e. ഹൈപ്പോത്തിക്കേഷൻ റദ്ദ് ചെയ്യൽ,

(Termination of Hypothecation)

f. ഹൈപ്പോത്തിക്കേഷൻ എൻഡോഴ്സ്മെന്റ്

(Endorsement of Hypothecation)

മേൽപ്പറഞ്ഞ സേവനങ്ങൾക്കുള്ള അപേക്ഷ വാഹൻ സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുമ്പോൾ കാണപ്പെടുന്ന ഓപ്ഷനുകളിൽ നിന്നും 'ആധാർ ആതന്റിക്കേഷൻ', 'മൊബൈൽ ആതന്റിക്കേഷൻ' ഇവയിലേതെങ്കിലും ഒരെണ്ണം അപേക്ഷകൻ

തിരഞ്ഞെടുക്കേണ്ടതാണ്.

2. ആധാർ ആതന്റിക്കേഷൻ തിരഞ്ഞെടുത്ത അപേക്ഷകർക്ക് മേൽ സേവനങ്ങൾക്ക് അപേക്ഷയുടെ ഹാർഡ് കോപ്പിയോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഓഫീസിൽ ഹാജരാക്കേണ്ടതില്ല. ആയതിനാൽ ഓൺലൈൻ അപേക്ഷയുടെയും അപ്‌ലോഡ് ചെയ്യപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ ഈ സേവനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

3. പെർമിറ്റുള്ള വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷാ സമർപ്പണത്തിനു മുൻപായി പെർമിറ്റുമായി ബന്ധപ്പെട്ട ട്രാൻസ്ഫർ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

4. ആധാർ ആതന്റിക്കേഷൻ മുഖാന്തിരം വാഹനിലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വാഹന ഉടമയുടെ/വാങ്ങുന്നയാളുടെ ആധാറുമായി ബന്ധിപ്പിച്ചിരിക്കുന്ന മൊബൈൽ നമ്പർ തന്നെ വാഹനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത മൊബൈൽ നമ്പരിൽ ലഭിക്കുന്ന OTP ഉപയാഗിച്ച് അപേക്ഷ സമർപ്പണം പൂർത്തീകരിക്കേണ്ടതാണ്.

5. ആധാർ ആതന്റിക്കേഷൻ വഴി അപേക്ഷ സമർപ്പണം നടത്തുന്നവർ, ഒറിജിനൽ ആർ.സി. കൈവശം തന്നെ സൂക്ഷിക്കേണ്ടതാണ്. വാഹനം കൈമാറ്റം നടത്തുകയാണെങ്കിൽ പഴയ ആർ.സി. പുതിയ ഉടമസ്ഥനെ ഏല്പിച്ച് രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. ആധാർ ആതന്റിക്കേഷൻ മുഖാന്തിരം ഓഫീസിൽ ലഭ്യമാകുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ അപേക്ഷകൾ സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് അസിസ്റ്റന്റ് രജിസ്റ്ററിങ് അതോറിറ്റി/ അഡീഷണൽ രജിസ്റ്ററിങ് അതോറിറ്റി / രജിസ്റ്ററിങ് അതോറിറ്റി അപ്രൂവ് ചെയ്യുകയും ട്രാൻസ്പോർട്ട് വാഹനങ്ങളുടെ അപേക്ഷകൾ സൂപ്പർ വൈസറി തലത്തിൽ പരിശോധിച്ച് അഡീഷണൽ രജിസ്റ്ററിങ് അതോറിറ്റി/രജിസ്റ്ററിങ് അതോറിറ്റി അപ്രൂവ് ചെയ്യേണ്ടതുമാണ്.

7. മൊബൈൽ ആതന്റിക്കേഷൻ തിരഞ്ഞെടുത്ത അപേക്ഷകർക്ക് നിലവിലെ രീതിയിൽ മൊബൈൽ നമ്പരിൽ ലഭിക്കുന്ന OTP ഉപയാഗിച്ച് അപേക്ഷ സമർപ്പണം പൂർത്തീകരിക്കേണ്ടതും നിലവിലെ രീതിയിൽ തന്നെ സേവനങ്ങൾ ലഭ്യമാമാവുകയും ചെയ്യും. ഇത്തരം അപേക്ഷകർക്ക് അപേക്ഷയും അനുബന്ധ രേഖകളും ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

8. ആധാർ ആതന്റിക്കേഷൻ നടപ്പിലാകുന്ന എല്ലാതരം സേവനങ്ങൾക്കും മൊബൈൽ ആതന്റിക്കേഷൻ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതും ആധാർ ആതന്റിക്കേഷൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

9. ആധാർ അധിഷ്ഠിത ഓൺലൈൻ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പത്രമാധ്യമങ്ങൾ, ഓഫീസ് നോട്ടീസ് ബോർഡ്, സോഷ്യൽ മീഡിയ എന്നിവ വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

ഈ സംവിധാനം 24/12/2021 തീയതി മുതൽ നിലവിൽ വരുന്നതാണ്.

Digitally signed by M R AJITHKUMAR IPS
Date:Mon Dec 20 11:36:30 IST 2021
Reason: Approved

എം.ആർ. അജിത്കുമാർ ഐ.പി.എസ്.,
ട്രാൻസ്പോർട്ട് കമ്മീഷണർ